I/5730910/2023

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. എഫ്. എം.3/138/2023-തസ്വഭവ
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23-05-2023

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ് - പതിനഞ്ചാം ധനകാര്യ കമ്മീഷൻ അവാർഡ് പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ് – നിർവഹണം സുഗമമാക്കുന്നതിനുള്ള നിർദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- 1. സ.ഉ.(സാധാ)നം.2132/2022/തസ്വഭവ; തീയതി 31.08.2022.
2. സ.ഉ.(സാധാ)നം. 3157/2022/തസ്വഭവ; തീയതി 21.12.2022.
3.സ.ഉ.(സാധാ)നം. 996/2022/തസ്വഭവ; തീയതി 07.05.2023.

പതിനഞ്ചാം ധനകാര്യ കമ്മീഷൻ, പ്രാഥമിക ആരോഗ്യ പരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2021-26 കാലയളവിലേക്ക് ആകെ 2968.28 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2021-22 ൽ ആദ്യ ഗഡുവായി ലഭിച്ച തുകയുടെ വിനിയോഗത്തിനുള്ള മാർഗനിർദ്ദേശങ്ങൾ സൂചന 1, 2 ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. അവാർഡ് കാലയളവിൽ (2021-26) ലഭിക്കുന്ന ഹെൽത്ത് ഗ്രാന്റിന്റെ സുഗമമായ നിർവഹണത്തിന് ചുവടെ വിവരിക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. കേരളത്തിൽ ആകെ 5415 ആരോഗ്യ ഉപ കേന്ദ്രങ്ങളാണ് (Sub Health Centres) നിലവിലുള്ളത്. ഇതിൽ 1670 ഓളം ഉപകേന്ദ്രങ്ങൾക്ക് സ്വന്തം കെട്ടിടമില്ല. കെട്ടിടമില്ലാത്ത എല്ലാ ഉപകേന്ദ്രങ്ങൾക്കും 2026 മാർച്ചിനുള്ളിൽ കെട്ടിടം നിർമ്മിക്കേണ്ടതുണ്ട്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള തുക വരുന്ന മൂന്നു വർഷങ്ങളിലായി (2023-26) ഹെൽത്ത് ഗ്രാന്റിൽ നിന്നും അനുവദിക്കുന്നതാണ്. മുൻഗണനാ ക്രമത്തിൽ തുക അനുവദിക്കുന്നതിന്, കെട്ടിടമില്ലാത്ത ഉപ കേന്ദ്രങ്ങളിൽ സ്വന്തമായി സ്ഥലം ഉള്ള ഉപകേന്ദ്രങ്ങളുടെയും സ്ഥലം ഇല്ലാത്ത ഉപകേന്ദ്രങ്ങളുടെയും വിവരങ്ങൾ കൃത്യതയോടെ ശേഖരിക്കേണ്ടതുണ്ട്. ജില്ല തലത്തിൽ ഈയൊരു വിവരശേഖരം ഈ സർക്കുലറിന്റെ ഖണ്ഡിക 5 പ്രകാരമുള്ള കമ്മിറ്റിയുടെ നേതൃത്വത്തിൽ തയ്യാറാക്കേണ്ടതാണ്. എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം ഓഫീസിന്റെ ആഭിമുഖ്യത്തിൽ ഇതിനോടകം ശേഖരിച്ച വിവരങ്ങൾ വിവര ശേഖരണത്തിനുള്ള അടിസ്ഥാന രേഖയായി ഉപയോഗിക്കാവുന്നതാണ്. വിവരങ്ങളുടെ കൃത്യത ഉറപ്പാക്കിയ ശേഷം അത് 2023 മേയ് 31 നകം തദ്ദേശ

സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്കും എൻ.എച്ച്.എം സ്റ്റേറ്റ് മിഷൻ ഡയറക്ടർക്കും അയച്ചു കൊടുക്കേണ്ടതാണ്.

2. സ്ഥലമില്ലാത്ത ആരോഗ്യ ഉപ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി അഞ്ച് സെന്റിൽ കുറയാതെയുള്ള സ്ഥലം, ഉപ കേന്ദ്രത്തിന്റെ നിയന്ത്രണ ചുമതലയുള്ള തദ്ദേശ ഭരണ സ്ഥാപനം 2023-24 ൽ ലഭ്യമാക്കേണ്ടതാണ്. സൗജന്യമായോ വിലക്ക് വാങ്ങിയോ സ്ഥലം ലഭ്യമാക്കണം. വിലയ്ക്ക് വാങ്ങുകയാണെങ്കിൽ പൊതു വിഭാഗം സാധാരണ വിഹിതം, തനത് ഫണ്ട് എന്നിവ ഇതിനായി ഉപയോഗിക്കാവുന്നതാണ്. സ്ഥലം വിലക്ക് വാങ്ങുന്നതിനായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്കും തുക ചെലവഴിക്കാവുന്നതാണ്. ഇതിനുള്ള പ്രോജക്ട്, ഇപ്പോൾ അനുവദിച്ചിട്ടുള്ള പദ്ധതി ഭേദഗതിയിലൂടെയോ അല്ലെങ്കിൽ ഏറ്റവും ആദ്യം അടുത്ത് അനുവദിക്കുന്ന പദ്ധതി ഭേദഗതിയിലൂടെയോ വാർഷിക പദ്ധതിയുടെ ഭാഗമാക്കാവുന്നതാണ്.

3. സ്വന്തമായി സ്ഥലമില്ലാത്ത ഉപ കേന്ദ്രങ്ങൾക്ക് സ്ഥലം ലഭ്യമാക്കുന്ന പ്രവർത്തനങ്ങൾ ജില്ലാ ആസൂത്രണ കമ്മിറ്റിയുടെ പ്രതിമാസ പദ്ധതി അവലോകന യോഗത്തിൽ പ്രത്യേക അജണ്ടയായി ചർച്ച ചെയ്യേണ്ടതാണ്. 2024 ജനുവരി 31-ന് മുൻപ് സ്ഥലം ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കണം.

4. സൂചന (1) ലെ സർക്കാർ ഉത്തരവിൽ വിവരിച്ചിട്ടുള്ള പ്രകാരം ആറ് സ്കീമുകൾ അവാർഡ് കാലയളവിൽ (2021-26) നടപ്പാക്കുന്നതിനായാണ് ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകളുടെയും അവയ്ക്കായി ഏറ്റെടുക്കുന്ന വിവിധ പ്രോജക്ടുകളുടെയും നിർവഹണ പുരോഗതി ജില്ലാ ആസൂത്രണ കമ്മിറ്റി പ്രത്യേകം നിരീക്ഷിക്കേണ്ടതും നിർവഹണം സുഗമമാക്കുന്നതിന് ആവശ്യമായ മാർഗനിർദേശങ്ങൾ നല്കേണ്ടതുമാണ്.

5. ജില്ലാ ആസൂത്രണ കമ്മിറ്റിയെ സഹായിക്കുന്നതിനും ഹെൽത്ത് ഗ്രാന്റ് സ്കീമുകളുടെ നിർവഹണം അവാർഡ് കാലയളവിൽ (2021-26) തുടർച്ചയായി മോണിറ്റർ ചെയ്യുന്നതിനുമായി ജില്ലാ തലത്തിൽ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം ഒരു കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

| | | |
|---|---|---|
| 1. | ജില്ലാ പ്ലാനിംഗ് ഓഫീസർ | കൺവീനർ |
| 2. | ജില്ലാ മെഡിക്കൽ ഓഫീസർ | അംഗം |
| 3. | ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് | " |
| 4. | ഡെപ്യൂട്ടി ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് | " |
| 5. | എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ് | " |
| 6. | ജില്ലാ പ്രോഗ്രാം മാനേജർ,<br>നാഷണൽ ഹെൽത്ത് മിഷൻ | " |
| 7. | ആർദ്രം നോഡൽ ഓഫീസർ | " |

6. സ്കീമുകളുടെ പുരോഗതി മോണിട്ടർ ചെയ്യുന്നതിനൊപ്പം അനുവദിക്കുന്ന ഗ്രാന്റിന്റെ വിനിയോഗ പുരോഗതി കൂടി ജില്ലാ തല കമ്മിറ്റി മോണിട്ടർ ചെയ്യേണ്ടതാണ്.
7. ഗ്രാന്റിന്റെ വിനിയോഗ പുരോഗതി ജില്ലാതല കമ്മിറ്റി മോണിറ്റർ ചെയ്യുമ്പോൾ ചുവടെ പറയുന്ന കാര്യങ്ങൾ പ്രത്യേകം പരിശോധിച്ച് ക്രമപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്തണം.

i. ചില തദ്ദേശഭരണ സ്ഥാപനങ്ങൾ, 2021-22-ലെ ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുകയ്ക്ക് അത്രയും പ്രോജക്ടുകൾ ഏറ്റെടുത്തിട്ടില്ല. കമ്മിറ്റി ഇക്കാര്യം പ്രത്യേകം പരിശോധിക്കേണ്ടതും ലഭ്യമായ തുകയ്ക്ക് അത്രയും പ്രോജക്ട് ഏറ്റെടുക്കുന്നതിനുള്ള ഇടപെടൽ നടത്തുകയും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്രോജക്ടുകൾ ഏറ്റെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം.

ii. പി.എഫ്.എം.എസ് അക്കൗണ്ട് പ്രകാരം ചെലവഴിക്കുന്ന തുകയുടെ കണക്കുകൾ സുലേഖ സോഫ്റ്റ് വെയറിൽ കൃത്യമായി ചെലവ് തുകയായി രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ ചില തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ പി.എഫ്.എം.എസ് അക്കൗണ്ട് പ്രകാരമുള്ള ചെലവ് തുകയും സുലേഖ സോഫ്റ്റ് വെയർ പ്രകാരമുള്ള ചെലവ് തുകയും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു. ഈ പോരായ്മ പരിഹരിക്കുന്നതിനും ഓരോ മാസവും കണക്കുകൾ പരിശോധിച്ച് ക്രമപ്പെടുത്തുന്നതിനുമുള്ള ഇടപെടൽ ജില്ലാ തല കമ്മറ്റി നടത്തേണ്ടതാണ്.

അലക്സ് വർഗീസ് ഐഎഎസ്
ഡെപ്യൂട്ടിസെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ(റൂറൽ),തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ(അർബൻ),തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ, ആരോഗ്യ വകുപ്പ്
എല്ലാ ജില്ലാകളക്ടർമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
ഡയറക്ടർ ജനറൽ, കില
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
ചീഫ് ടൗൺ പ്ലാനർ
ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും

I/5730910/2023

എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും
സെക്രട്ടറിമാർക്കും(പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക(വെബ് &ന്യൂ മീഡിയ) വകുപ്പ്
തദ്ദേശ സ്വയംഭരണ (ഡി.എ.) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.

പകർപ്പ്:-
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്